## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2973 — 21.08.2017 ൽ മറുപടിയ്ക്ക്

## റബർ കർഷകരെയും ചെറുകിട കച്ചവടക്കാരെയും സംരക്ഷിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബർ വിലയിടിവും വിലയിലെ അസ്ഥിരതയും മൂലം പ്രതിസന്ധിയിലായ റബർ കർഷകരെയും ചെറുകിട കച്ചവടക്കാരെയും സംരക്ഷിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; വിലസ്ഥിരത പദ്ധതി പ്രകാരം സർക്കാർ നിശ്ചയിച്ച വില ഉല്പാദന ചെലവിനാനുപാതികമായി വർദ്ധിപ്പിക്കുമോ; | (എ) റബ്ബറിന്റെ വിലയിടിവും വിലയിലെ അസ്ഥിരതയും മൂലം പ്രതിസന്ധിയിലായ റബ്ബർ കർഷകരേയും ചെറുകിട കച്ചവടക്കാരേയും സംരക്ഷിക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന് കിലോയ്ക്ക് 150/- രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന വിതരണം നടത്തുന്നു. ഉല്പാദന ചിലവിന് ആനുപാതികമായി വിലയിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ബി) ഇറക്കുമതി നിയന്ത്രിക്കുന്നതിനോ വിലസ്ഥിരതയ്ക്കായോ കേന്ദ്ര സർക്കാരിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) കർഷകർക്കു സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ആരംഭിച്ച റബർ ബോർഡിന്റെ ഓഫീസുകൾ സംസ്ഥാനത്തുനിർത്തലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം കർഷകരെ കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്നതിനാൽ തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | (സി) റബ്ബർ ബോർഡിന്റെ ഫീൽഡ് ഓഫീസുകൾ നിർത്തലാക്കാനുള്ള തീരുമാനമെടുക്കുന്നു എന്നുള്ള വാർത്തയെ തുടർന്ന് തീരുമാനം പുനപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും പ്രസ്തുത വിഷയത്തിൽ നിയമസഭ ഐക്യകണ്ഠേന പാസ്സാക്കിയ പ്രമേയം പരിഗണനയ്ക്കായി കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**